ഉത്തരം

(എ) സംസ്ഥാനത്ത് കേരള സിലബസ് പഠിപ്പിക്കുന്ന 12283 സ്കൂളുകളുണ്ട്. ഇതിൽ

സർക്കാർ	-	4491
എയ്ഡഡ്	-	7292
അൺ എയ്ഡഡ്	-	500 വീതമാണ്.

(ബി) ഇക്കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

അനുദിനം വർദ്ധിച്ചുവരുന്ന പ്രീ-പ്രൈമറി ക്ലാസ്സുകൾ

114 (1424) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ അനുദിനം വർദ്ധിച്ചുവരുന്ന പ്രീ-പ്രൈമറി (എൽ.കെ.ജി.-യു.കെ.ജി) ക്ലാസ്സുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷിത സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 58 സർക്കാർ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റ് സ്കൂളുകളുടെ എണ്ണം ലഭ്യമല്ല.

(സി) സർക്കാർ സ്കൂളുകളുടെ കാര്യത്തിൽ പരിശോധന നടത്തുന്നുണ്ട്.

(ഡി) ബാധകമല്ല.

നവോദയ വിദ്യാലയങ്ങൾ

115 (1425) ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി മേഴ്സി രവി
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര നവോദയ വിദ്യാലയങ്ങളുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് വീതമാണ് പ്രവേശനം നൽകുന്നത് ;

(സി) ഈ സ്കൂളുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളുടേയും മുഴുവൻ ചെലവും വഹിക്കുന്നത് കേന്ദ്ര ഗവൺമെന്റാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 13 നവോദയ വിദ്യാലയങ്ങളുണ്ട്.

(ബി) സംസ്ഥാനത്തെ ഓരോ നവോദയ വിദ്യാലയങ്ങളിലും പരമാവധി 80 വിദ്യാർത്ഥികൾക്കാണ് 6-ാം ക്ലാസിൽ പ്രവേശനം നൽകുന്നത്. എന്നാൽ തിരുവനന്തപുരം നവോദയ വിദ്യാലയത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിമൂലം 40 കുട്ടികൾക്ക് മാത്രം പ്രവേശനം നൽകിയാൽ മതിയെന്ന നവോദയ വിദ്യാലയസമിതിയുടെ തീരുമാനമനുസരിച്ച് പ്രവേശനം നൽകുന്ന വിദ്യാർത്ഥികളുടെ എണ്ണം പകുതിയായി കുറച്ചു.

(സി) അതെ.

തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള നവോദയ വിദ്യാലയങ്ങൾ

116 (1426) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എം. മുരളി :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര നവോദയ വിദ്യാലയങ്ങൾ ഉണ്ട് ;

(ബി) നവോദയ വിദ്യാലയങ്ങളിൽ കഴിഞ്ഞ വർഷം എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി ;

(സി) അവിടെ പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത് ;

(ഇ) ഈ വർഷം തിരുവനന്തപുരത്തുള്ള നവോദയ വിദ്യാലയങ്ങളിൽ എത്ര കുട്ടികൾക്ക് പ്രവേശനം നൽകി ;

(എഫ്) ആർക്കും പ്രവേശനം നൽകിയിട്ടില്ലെങ്കിൽ അത് എന്തുകൊണ്ട് എന്ന് പറയുമോ ?

ഉത്തരം

(എ) ഒന്ന്.

LIBRARY ARCHIVES Kerala Legislative Assembly